## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4711** 26/10/2016-ൽ മറുപടിക്ക്

### മരം കയറ്റ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾ

**ചോദ്യം** **മറുപടി**

ശ്രീ. എം.ഉമ്മർ
ശ്രീ.പി.കെ.ബഷീർ
ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്
ഡോ.എം.കെ.മുനീർ

ശ്രീ.ടി.പി.രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | മരം കയറ്റ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ സംസ്ഥാനതല വിവരശേഖരണം നടത്തിയി ട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) വിവരശേഖരണം നടത്തിയിട്ടില്ല. എന്നാൽ മരം കയറ്റത്തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾ കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. നിലവിൽ 16,197 തൊഴിലാളികൾ പ്രസ്തുത ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ജോലിക്കിടയിൽ അപകടം സംഭവിക്കുന്ന മരം കയറ്റത്തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിൽ നിന്നും എന്തൊക്കെ ആനുകൂല്യങ്ങൾ നല്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) മരംകയറ്റത്തൊഴിലിനിടയിൽ അപകടം സംഭവിച്ച് തുടർന്ന് ജോലി ചെയ്യാൻ കഴിയാത്തവിധം അവശരാകുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖേന 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) ധനസഹായവും തുടർന്ന് പ്രതിമാസം 1000/- രൂപ നിരക്കിൽ പെൻഷൻ ആനുകൂല്യവും നൽകിവരുന്നുണ്ട് അപകടം മൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) ധനസഹായവും നൽകി വരുന്നു. |
| (സി) | പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ? | (സി) മരംകയറ്റ ധനസഹായത്തിനുള്ള അപേക്ഷ ജില്ലാ ലേബർ ഓഫീസർക്ക് നൽകേണ്ടതും ആയത് ലഭിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് ലേബർ ഓഫീസർ നേരിട്ട് അന്വേഷണം നടത്തി അപേക്ഷകന്റെയും തൊഴിലുടമയുടെയും സാക്ഷിയുടെയും മൊഴി രേഖപ്പെടുത്തി അർഹമാണെന്ന് കാണുന്നപക്ഷം റിപ്പോർട്ട് ജില്ലാ ലേബർ ഓഫീസർക്ക് നൽകുകയും, ജില്ലാ ലേബർ ഓഫീസർ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും, സർക്കാരിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആനുകൂല്യം അപേക്ഷകന് നൽകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ